No.DWCD/5378/2024-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 08-01-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി - 2023-24 സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് (അങ്കണവാടി കണ്ടിജൻസി) ഇനത്തിലെ പ്രിന്റിംഗ് -തുക ചെലവഴിക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. ഈ കാര്യാലയത്തിലെ 20.05.2024 തീയതിയിലെ DWCD/2772/ 2023-ICDSA1 നം. ഉത്തരവ്.
2. 09.05.2024 തീയതിയിലെ SPD-സി3/216/2022-SPD നം. സർക്കുലർ
3. WP (C) 34253/2024 റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 30.10.2024 തീയതിയിലെ വിധിന്യായം
4. ഈ കാര്യാലയത്തിലെ 26.10.2024, 29.11.2024 തീയതികളിലെ DWCD/5378/2024-ICDSA1 നം. കത്തുകൾ.

സംസ്ഥാനത്തെ അങ്കണവാടികൾക്ക് 2023-24 സാമ്പത്തിക വർഷത്തെ അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും ഫണ്ടും സൂചന (1) പ്രകാരം നൽകിയിരുന്നു.

അച്ചടി സംബന്ധമായ എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സിലൂടെ മാത്രമേ നടത്താവൂ എന്ന സൂചന (2) സർക്കുലർ നിലനിൽക്കവേ അങ്കണവാടി കണ്ടിജൻസിയിലുൾപ്പെട്ട പ്രിന്റിംഗുമായി ബന്ധപ്പെട്ട് ശ്രീ.കിഷോർ മാത്യു, Ryan Agencies, Kottayam എന്ന സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ ബഹു.ഹൈക്കോടതിയിൽ WP(C) 34253/2024 റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും ആയതിന്മേൽ സൂചന (3) പ്രകാരം ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായി ഒരു മാസത്തിനകം ഗവൺമെന്റിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനും ഒരു മാസത്തിനകം തീരുമാനം എടുത്തില്ലായെങ്കിൽ പ്രിന്റിംഗ് ഒഴികെയുള്ള ഇനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത വിധിന്യായത്തിൽ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

അങ്കണവാടി കണ്ടിജൻസിയിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഉൾപെടുത്തിയിട്ടുള്ള പ്രിന്റിംഗ് വർക്കുകൾ നിർവ്വഹിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ശിശുവികസന പദ്ധതി ഓഫീസർമാർ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിവരം സൂചന (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്മേൽ സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2023-24 വർഷത്തെ അങ്കണവാടി കണ്ടിജൻസി ഇനത്തിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) അനുവദിച്ചിട്ടുള്ള തുകയിൽ പ്രിന്റിംഗ് ഒഴികെയുള്ള ഇനങ്ങൾക്ക് ടെണ്ടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തിയിട്ടുള്ള പ്രിന്റിംഗ് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

For വനിത ശിശുവികസന ഡയറക്ടർ

പകർപ്പ്:-

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.